# Desabhimani
# 28 August 2018
# Nilambur: After Flood, Lost Documents ready in Three Days

**മൂന്നേ മൂന്നു ദിവസം**

## രേഖകൾ റെഡി

എം സനോജ്

**നിലമ്പൂർ**

"സർക്കാരിനോട് എങ്ങനെ നന്ദി പറയണമെന്നറിയില്ല" റേഷൻ കാർഡടക്കം പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ തിരികെകിട്ടിയപ്പോൾ മതിൽ മൂല കോളനിയിലെ കുണ്ടുങ്ങൽ സിന്ധുവിനും മീമ്പറ്റ ഷീജക്കും ലതികക്കും അമ്പരപ്പും ആഹ്ലാദവും. നിലമ്പൂർ എരഞ്ഞിമങ്ങാട് യത്തീംഖാനയിലെ ദുരിതാശ്വാസക്യാമ്പിലുള്ളവരാണിവർ.

അപേക്ഷ സ്വീകരിച്ച് മൂന്നുദിവസത്തിനുള്ളിൽ 13 വോട്ടർ ഐഡി, ആധാർ, ആറ് റേഷൻ കാർഡ് എന്നിവ പുതിയത് നൽകി. നഷ്ടപ്പെട്ട രേഖകൾക്കുപകരം പുതിയവ അതിവേഗം ലഭ്യമാക്കുന്നത് ഇതാദ്യം. ഇതോടെ വീട് നൽകുമെന്ന വാഗ്ദാനവും സർക്കാർ പാലിക്കുമെന്ന് ഉറപ്പായതായി ക്യാമ്പിലുള്ളവർ ആത്മവിശ്വാസത്തോടെ പറയുന്നു.

ഓണാവധി ദിവസങ്ങളിലാണ് തഹസിൽദാർ സി വി മുരളീധരന്റെ നിർദേശപ്രകാരം അപേക്ഷ സ്വീകരിച്ചത്. റവന്യൂ, സിവിൽ സപ്ലൈസ് ജീവനക്കാർ വിശ്രമമില്ലാതെ ജോലിചെയ്തു. ആദ്യഘട്ടം അപേക്ഷിച്ചവർക്കാണ് രേഖകൾ നൽകിയത്.

സർക്കാർ വാഗ്ദാനം ദിവസങ്ങൾക്കകം യാഥാർഥ്യമായതിന്റെ അത്ഭുതം വിട്ടൊഴിഞ്ഞിട്ടില്ല ക്യാമ്പിൽ. കുണ്ടുങ്ങൽ വീട്ടിൽ മോഹൻദാസും സിന്ധുവും റേഷൻ കാർഡും ആധാർ കാർഡും മലവെള്ളപ്പാച്ചിലിൽ നഷ്ടപ്പെട്ട് വിഷമിച്ചിരിക്കുകയായിരുന്നു.

അവ തിരിച്ചുകിട്ടിയപ്പോൾ ആശ്വാസപുഞ്ചിരി.

മീമ്പറ്റ വീട്ടിൽ ലതികയ്ക്കും ഷീജക്കും വോട്ടർ ഐഡി കാർഡാണ് കിട്ടിയത്. മീമ്പറ്റ വീട്ടിൽ നാടിച്ചിക്ക് റേഷൻ കാർഡും. "കലക്ടർ പുതിയ രേഖകൾ നൽകിയപ്പോൾ ഞെട്ടിപ്പോയി" ലതിക പറഞ്ഞു. മതിൽമൂല കോളനിയിലെ 59 കുടുംബങ്ങളാണ് ക്യാമ്പിലുള്ളത്.

പുതിയ രേഖകൾ നൽകാനുള്ള രണ്ടാംഘട്ട അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയെന്ന് തഹസിൽദാർ പറഞ്ഞു.



എരഞ്ഞിമങ്ങാട് ദുരിതാശ്വാസ ക്യാമ്പിൽ നഷ്ടപ്പെട്ടവയ്ക്ക് പകരമായി പുതിയ റേഷൻ കാർഡും തെര. തിരിച്ചറിയൽ കാർഡുമടക്കമുള്ള പ്രധാന രേഖകളും ലഭിച്ചവർ